(സി) ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ പാലക്കാട്-മണ്ണൂസ്റ്റ വഴി ശ്രീകൃഷ്ണപുരം സർവ്വീസ് പുനരാരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി. പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുന്നത് സംബന്ധിച്ച്

88 (2988) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കാത്തത്മൂലം ഇവർ അനുഭവിക്കുന്ന യാതനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ഏറ്റെടുത്ത് ട്രഷറിവഴി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) സാമൂഹ്യ പ്രതിബദ്ധതയോട് കൂടി പ്രവർത്തിക്കുന്ന കെ.എസ്. ആർ.ടി.സി.യിലെ പ്രശ്നങ്ങൾ പഠിച്ച്, പെൻഷൻകാർക്ക് ഉൾപ്പെടെ കാലതാമസം കൂടാതെ ആനുകൂല്യങ്ങൾ നല്കുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ അതാതുമാസത്തെ പെൻഷൻ അതാത് മാസംതന്നെ നൽകിവരുന്നുണ്ട്. നാളിതുവരെ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ ഓരോ മാസവും ഏത് തീയതിയിൽ പെൻഷൻ വിതരണം നടത്തണമെന്ന് തീരുമാനിക്കുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ്. ഇതുകൊണ്ട് പെൻഷൻകാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന ഒരു വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഇത്തരത്തിൽ ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(സി) പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ബഹു.ഹൈക്കോടതി വിധി പ്രകാരം പ്രതിദിന വരുമാനത്തിന്റെ പത്ത് ശതമാനം നീക്കിവയ്ക്കുന്നുണ്ട്. ആയതിൽ നിന്ന് ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങൾ മുൻഗണനാക്രമത്തിൽ നൽകിവരുന്നുണ്ട്. പെൻഷൻകാർക്ക് അതാത് മാസത്തെ പെൻഷൻ അതാത് മാസംതന്നെ നൽകിവരുന്നുണ്ട്. നാളിതുവരെ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല.

എന്നാൽ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹതപ്പെട്ട ടി.എ./ ഡി.ആർ. നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly